The Heavenly Light Ministry

യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു
പരലോകത്തിൽ ജീവിക്കുന്നു
ഇഹലോകത്തിൽ ഞാനിനി വേഗം വരും
രാജരാജനായ് വാണീടുവാൻ

ഹാ ഹല്ലേലുയ്യാ ജയം ഹല്ലേലുയ്യാ
യേശു കർത്താവു ജീവിക്കുന്നു
യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു
പരലോകത്തിൽ ജീവിക്കുന്നു ...

കൊല്ലുന്ന മരണത്തിൻ ഘോരതര വിഷ
പ്പല്ലു തകർത്തതാകയാൽ ഇനി
തെല്ലും ഭയമെന്ന്യേ മൃത്യുവിനെ നമ്മൾ
വെല്ലു വിളിക്കുകയാം ... ഹാ ഹല്ലേലുയ്യാ

എന്നേശു ജീവിക്കുന്നായതിനാൽ ഞാനും
മെന്നേക്കും ജീവിക്കയാം ഇനി
തന്നേപ്പിരിഞ്ഞൊരു ജീവിതമില്ലിനി
ക്കെല്ലാമെന്നേശുവത്രേ ... ഹാ ഹല്ലേലുയ്യാ

മന്നിലല്ലെൻ നിത്യവാസമെന്നേശുവിൻ
മുന്നിൽ മഹത്വത്തിലാം ഇനി
വിണ്ണിൽ ആ വീട്ടിൽ ചെന്നെത്തുന്ന നാളുക
ളെണ്ണി ഞാൻ പാർത്തിടുന്നു. ... ഹാ ഹല്ലേലുയ്യാ.